# STD - III

## അദ്ധ്യാപക സഹായി

**പാഠം - പന്ത്രണ്ട്** **ഭാഗം - ഒന്ന്**

## വിശുദ്ധ കുർബാന ജീവന്റെ അപ്പം

### ലക്ഷ്യം

യേശുനാഥൻ ഒരുക്കുന്ന സ്നേഹവിരുന്നാണ് വിശുദ്ധ കുർബാന. ഞാനും മറ്റുള്ളവരോട് സ്നേഹത്തിലും രമ്യതയിലും വർത്തിച്ച് യേശുനാഥന്റെ സ്നേഹവിരുന്നിൽ പങ്കുകൊള്ളും.

### പഠനസഹായികൾ

* ഓണസദ്യ വീട്ടിൽ ഉണ്ടാക്കിക്കഴിക്കുന്നു വീഡിയോ - യൂട്യൂബ്
* The Bible John - 13 The Last Supper - Video - Youtube
* CCC - 1406 - 1419
* വിശുദ്ധഗ്രന്ഥം - മത്താ. 26:26-28 (കൂദാശാ വചനങ്ങൾ), ലൂക്കാ. 22:19 (ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ)

### പാഠത്തിന്റെ ഉള്ളടക്കം

* ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നത്
* തിരുസഭ ഒരു വലിയ കുടുംബം. ഈശോയാണ് കുടുംബനാഥൻ
* ഈശോ നൽകുന്ന സ്നേഹവിരുന്നാണ് വി. കുർബാന
* ഒടുവിലത്തെ അത്താഴ സമയത്താണ് വി. കുർബാന സ്ഥാപിച്ചത്
* ശിഷ്യന്മാരുടെ പാദം കഴുകുന്ന ഈശോ
* പരസ്പര ശുശ്രൂഷയുടെ മാതൃക നൽകി
* ഈശോ സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിക്കണം എന്ന കല്പന നൽകുന്നു
* മത്താ. 26:26-28 (കൂദാശ വചനങ്ങൾ)
* ലൂക്കാ. 22:19 'ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ'
* അന്ത്യ അത്താഴത്തിന്റെ അനുസ്മരണമാണ് വി. കുർബാന
* അപ്പവും വീഞ്ഞും ഈശോയുടെ ശരീരവും രക്തവുമായി പകർത്താനുള്ള അധികാരം ശിഷ്യന്മാർക്ക് ലഭിച്ചു.

## പ്രാർത്ഥന

ഈശോയേ, അവിടുത്തെ സ്നേഹവിരുന്നാകുന്ന വിശുദ്ധ കുർബാനയിൽ പങ്കുകൊള്ളുന്നതിനുള്ള യോഗ്യതയിൽ ജീവിക്കുവാൻ എന്നെ സഹായിക്കണമേ. ആമേൻ.

## ചോദ്യങ്ങൾ

1. നമ്മുടെ കുടുംബം സ്വർഗതുല്യമായി മാറണമെങ്കിൽ എന്തു ചെയ്യണം?
2. ഈശോ ഒരുക്കിയ സ്നേഹവിരുന്ന് എന്തുപേരിലാണ് അറിയപ്പെടുന്നത്?
3. തിരുസഭയാകുന്ന കുടുംബത്തിന്റെ നാഥൻ ആരാണ്?
4. ഈശോ നൽകിയ പുതിയ കല്പന എന്താണ്?
5. വിശുദ്ധ കുർബാന അർപ്പിക്കുമ്പോൾ നാം എന്തിലാണ് പങ്കുചേരുന്നത്?

# STD - III

## അദ്ധ്യാപക സഹായി

**പാഠം – പന്ത്രണ്ട്** **ഭാഗം – രണ്ട്**

## വിശുദ്ധ കുർബാന ജീവന്റെ അപ്പം

### ലക്ഷ്യം

അപ്പത്തിന്റേയും വീഞ്ഞിന്റേയു സാദൃശ്യത്തിൽ നമ്മുടെ കർത്താവ് ഈശോ മിശിഹാ തന്റെ തിരുശരീരവും തിരുരക്തവും നമുക്കു നൽകുന്ന കൂദാശയാണ് വിശുദ്ധ കുർബാന. അനുദിന ദിവ്യകാരുണ്യ സ്വീകരണത്തിലൂടെ ഈശോയുമായുള്ള ഐക്യം നിലനിർത്താൻ ഞാൻ പരിശ്രമിക്കും.

### പഠനസഹായികൾ

* The Passover / Old Testament stories for Kids - Youtube
* First Holy Communion 2023 Video - Youtube
* ബൈബിൾ – യോഹ. 6:51 ('സ്വർഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം')

### പാഠത്തിന്റെ ഉള്ളടക്കം

* ഈജിപ്തിന്റെ അടിമത്തത്തിൽനിന്ന് കർത്താവ് ഇസ്രായേൽ ജനത്തെ മോചിപ്പിച്ച സംഭവമാണ് പെസഹാദിനത്തിൽ ഓർക്കുന്നത്.
* പെസഹാ – അർത്ഥം 'കടന്നുപോകൽ' എന്നാണ്.
* പെസഹാ തിരുന്നാൾ ദിനത്തിലാണ് ഈശോയുടെ അന്ത്യ അത്താഴം നടന്നത്.
* അപ്പത്തിന്റേയും വീഞ്ഞിന്റേയും സാദൃശ്യത്തിൽ ഈശോ തന്റെ തിരുശരീരവും തിരുരക്തവും നമുക്കു നൽകുന്ന കൂദാശയാണ് വിശുദ്ധ കുർബാന
* അതീവ ഭക്തിയോടും വിശ്വാസത്തോടും കൂടെ വേണം ഈശോയെ സ്വീകരിക്കാൻ. ഇതിനായി നാം കൂടെക്കൂടെ കുമ്പസാരിക്കണം.
* ആദ്യ കുർബാന സ്വീകരണം – വിവരണം
* അനുദിന ദിവ്യകാരുണ്യ സ്വീകരണം ഈശോയുമായുള്ള ബന്ധം നിലനിർത്താൻ സഹായിക്കും.
* ഈശോയെ സ്വീകരിച്ച നാം മറ്റൊരു ഈശോയായി ജീവിക്കണം
* സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽ നിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും (യോഹ. 6:51)
* നമുക്കു പാടാം – ജീവന്റെയപ്പമായ്, ദിവ്യകാരുണ്യമായ്...

## പ്രാർത്ഥന

കർത്താവായ ദൈവമേ, ഒരുക്കത്തോടെയും ഭക്തിയോടെയുംകൂടെ അടുപ്പിച്ചടുപ്പിച്ച് വിശുദ്ധ കുർബാന സ്വീകരിക്കാൻ എന്നെ പഠിപ്പിക്കണമേ, ആമേൻ

## ചോദ്യങ്ങൾ

1. പെസഹാ എന്ന വാക്കിന്റെ അർത്ഥം?
2. ഏതു സംഭവത്തിന്റെ ഓർമ്മയ്ക്കാണ് പെസഹാ തിരുന്നാൾ ആചരിക്കുന്നത്?
3. വിശുദ്ധ കുർബാന എന്നാൽ എന്ത്?
4. ദിവ്യകാരുണ്യ സ്വീകരണത്തിലൂടെ നമ്മിൽ എത്തുന്നതാരാണ്?
5. ജീവന്റെ അപ്പമായി നാം സ്വീകരിക്കുന്നത് ആരെ?